# പത്രക്കുറിപ്പ്

ഏപ്രിൽ 6-ാം തീയതി ആരംഭിച്ച 2015 മാർച്ച് ഹയർ സെക്കന്ററി പരീക്ഷകളുടെ മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഹാജരാകാത്ത ആയിരത്തോളം അദ്ധ്യാപകരുടെ വിവരങ്ങൾ ക്യാമ്പുകളിൽ നിന്നും അറിയിച്ചതിനെ അടിസ്ഥാനമാക്കി അവർക്ക് കാരണം കാണിക്കൽ നോട്ടീസ് പ്രിൻസിപ്പൽമാർ മുഖാന്തിരം നൽകി കഴിഞ്ഞിട്ടുണ്ട്. മേൽപ്പറഞ്ഞവർ ഉൾപ്പെടെ ഇതുവരെയും ഹാജരാകാത്ത എല്ലാ ഹയർ സെക്കന്ററി അദ്ധ്യാപകരും അടിയന്തിരമായി മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഹാജരാകേണ്ടതാണ്. ഇതര വർഷങ്ങളെ അപേക്ഷിച്ച് മൂല്യനിർണ്ണയത്തിന് നിയമിതരായവരിൽ ഹാജരാകാത്ത അദ്ധ്യാപകരുടെ എണ്ണം വളരെ കൂടുതലായതിനാൽ മൂല്യനിർണ്ണയ പ്രക്രിയ പ്രതീക്ഷിച്ച സമയത്ത് പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും പരീക്ഷാഫലം വൈകി പ്രസിദ്ധീകരിക്കേണ്ടി വരുന്ന അവസ്ഥയും ഉണ്ടാവുന്നതാണ്. അതിനാൽ ഹാജരാകാത്ത അദ്ധ്യാപകർക്കെതിരെ വകുപ്പ് തല നടപടികൾ കൈക്കൊള്ളുന്നതാണ്. ഇതിനായി ബന്ധപ്പെട്ട ക്യാമ്പ് കോ-ഓർഡിനേറ്റർമാർ മൂല്യനിർണ്ണയത്തിൽ പങ്കെടുക്കാത്ത/ഇടവിട്ടുള്ള ദിവസങ്ങളിൽ ഹാജരാകുന്നവർ തുടങ്ങിയവരുടെ വിവരങ്ങൾ (അദ്ധ്യാപകൻ/അദ്ധ്യപികയുടെ പേര്, ഐ.ഡി നമ്പർ, വിഷയം, സ്ക്കൂളിന്റെ പേര്, സ്ക്കൂൾ കോഡ്) jdexamdhse@gmail.com ലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

ഡോ. കെ. മോഹന കുമാർ

**സെക്രട്ടറി**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്, കേരളം**

തിരുവനന്തപുരം
16/04/2015

s